# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.159/PR/PIC/PHQ/14 Date : 05.07.2014

## സ്കൂൾപരിസരങ്ങളിൽ നിരോധിത ഉത്പന്നങ്ങളുടെ വില്പന: 9 പേർ അറസ്റ്റിൽ

സ്കൂൾ പരിസരങ്ങളിൽ കുട്ടികൾക്ക് സിഗരറ്റ്, പാൻമസാല, മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവ വില്പന നടത്തുന്നതു കണ്ടെത്തി തടയാൻ സംസ്ഥാന പോലീസ് മേധാവിയുടെ നിർദേശപ്രകാരം പോലീസ് സംസ്ഥാന വ്യാപകമായി നടത്തിയ റെയ്ഡിൽ ഇന്നലെ (05.07.2014) 9 പേർ അറസ്റ്റിലായി. 123 റെയ്ഡുകളിലായി 9 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതോടെ മെയ് 30 മുതൽ നടന്നു വരുന്ന റെയ്ഡിൽ ഇതുവരെ അറസ്റ്റിലായവരുടെ എണ്ണം 2218 ആയി. ആകെ 13069 റെയ്ഡുകളിലായി 2309 കേസുകൾ രജിസ്റ്റർ ചെയ്തു.

സംസ്ഥാന വ്യാപകമായ റെയ്ഡുകൾ വരും ദിവസങ്ങളിലും തുടരും. സ്കൂൾ പരിസരങ്ങളിൽ മദ്യം, മയക്കുമരുന്നുകൾ, പുകയില ഉത്പന്നങ്ങൾ എന്നിവ വില്പന നടത്തുന്നതു ശ്രദ്ധയിൽപെട്ടാൽ പോലീസിനെ വിവരമറിയിക്കണമെന്ന് സ്കൂൾ അധികൃതരോടും പൊതുജനങ്ങളോടും സംസ്ഥാന പോലീസ് മേധാവി അഭ്യർഥിച്ചു.

**********